**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5699** **08-07-2024 - ൽ മറുപടിയ്ക്ക്**

**അരിമ്പൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ അരിമ്പൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ; | (എ) | ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ടി സ്ഥാപനത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുള്ളതാണ്. ടി പ്രവർത്തനങ്ങളുടെ ഭാഗമായി 09.03.2024-ന് ബഹു: എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ അരിമ്പൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ വെച്ച് ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ, നിലവിൽ തയ്യാറാക്കിയ പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രവർത്തനം മുന്നോട്ട് പോകുവാൻ തീരുമാനിച്ചിട്ടുണ്ട്. മേൽ പറഞ്ഞ തീരുമാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ആയത് പൂർത്തിയാക്കി ഉടൻ തന്നെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ് |
| (ബി) | പ്രസ്തുത ആരോഗ്യകേന്ദ്രത്തിന് കീഴിലുള്ള കൈപ്പിള്ളി ആരോഗ്യ ഉപകേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചെങ്കിലും നിലവിലുള്ള കെട്ടിടം പൊളിച്ച് മാറ്റുന്നതിന് ഇതുവരെ അനുമതി ലഭിക്കാത്തതിനാൽ കെട്ടിട നിർമ്മാണം ആരംഭിക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | അരിമ്പൂർ കുടുംബാരോഗ്യകേന്ദ്രത്തിന് കീഴിലുള്ള കൈപ്പിള്ളി ഉപകേന്ദ്രം പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ പുതിയ കെട്ടിടനിർമ്മാണത്തിന് 2022-2023 പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. തുടർപ്രവർത്തനങ്ങളുടെ നിർവ്വഹണം എൽ.എസ്.ജി.ഡി.-യാണ് നടപ്പിലാക്കി വരുന്നത്. നിലവിലുള്ള സബ് സെൻറർ കെട്ടിടം പൊളിച്ചു മാറ്റുന്നതിനായി അൺഫിറ്റ് സർട്ടിഫിക്കറ്റ്, സർവ്വേ റിപ്പോർട്ട്, വാല്വേഷൻ റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും അരിമ്പൂർ കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (സി) | ഉത്തരം (ബി) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ